## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5298 26.03.2018ൽ മറുപടി നൽകേണ്ടത്.

### ഭിന്നശേഷിക്കാരായ കുട്ടികളുടെ പരീക്ഷ ആനുകൂല്യത്തിൽ ക്രമക്കേടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ എസ്.എസ്.എൽ.സി, ഹയർസെക്കൻഡറി പരീക്ഷ ആനുകൂല്യത്തിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഭിന്നശേഷിയുള്ള കുട്ടിയാണ് എന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പരീക്ഷാ ആനുകൂല്യം അനുവദിച്ചുനൽകുന്നത്. ഭിന്നശേഷിയുള്ള ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നല്കുന്നതിനും സ്ക്രൈബിനെ അനുവദിക്കുന്നതിനും പരീക്ഷാ വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിക്കുന്ന ഫോർമാറ്റ് പൂരിപ്പിച്ച് അതാത് പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തിയ ശേഷം മാത്രമാണ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ പരീക്ഷ എഴുതുന്നതിനുള്ള അനുമതി നൽകുന്നത്. എന്നാൽ ഇത്തരത്തിലുള്ള ആനുകൂല്യം ചിലർ ദുരുപയോഗം ചെയ്യുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ആനുകൂല്യം നേടുന്ന പരീക്ഷാർഥിയുടെ സർട്ടിഫിക്കറ്റിൽ ഡിസബിലിറ്റി എന്ന് രേഖപ്പെടുത്താറുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) | സർട്ടിഫിക്കറ്റിൽ ഡിസ്എബിലിറ്റി എന്ന് രേഖപ്പെടുത്താറില്ല. |
| (സി) | പകരം പരീക്ഷ എഴുതുന്ന സ്ക്രൈബിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | (സി) | സ്ക്രൈബിന്റെ സേവനം ഉപയോഗപ്പെടുത്തി പരീക്ഷയെഴുതുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥി എഴുതുന്ന പരീക്ഷയേക്കാൾ താഴ്ന്ന പരീക്ഷായോഗ്യതയുള്ളവരെ മാത്രമേ സ്ക്രൈബായി നിയോഗിക്കാൻ പാടുള്ളൂ. സ്ക്രൈബായി നിയമിക്കപ്പെടുന്നവരുടെ യോഗ്യത ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടുമാർ ഉറപ്പുവരുത്തുന്നതാണ്. കൂടാതെ നിയമിക്കപ്പെടുന്ന സ്ക്രൈബിന്റെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ചീഫ് സൂപ്രണ്ട് പൂരിപ്പിച്ച് സൂക്ഷിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | അക്കാദമിക് വർഷം 2012-2013 മുതൽ 2016-2017 വരെ ഇത്തരത്തിൽ പരീക്ഷാനുകൂല്യം ലഭിച്ച കുട്ടികളുടെ പേര് വിവരങ്ങൾ ജില്ല തിരിച്ച് സ്കൂളുകളുടെ പേരുകൾ ഉൾപ്പെടെ അവർക്ക് ലഭിച്ച ഗ്രേഡ് സഹിതം ലഭ്യമാക്കാമോ; | (ഡി) യും (ഇ) യും | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഇ) | 2017-2018 അക്കാദമിക് വർഷത്തിൽ ഭിന്നശേഷി ആനുകൂല്യത്തിൽ പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും സ്ക്രൈബിന്റെ പേരും ജില്ല തിരിച്ച് സ്കൂളിന്റെ പേര് സഹിതം വെളിപ്പെടുത്താമോ ? | | |

സെക്ഷൻ ഓഫീസർ